DESPATCHED
On..13/4/22

31/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1367*(7)/2014*** *എസ്.ഐ.സി.* തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7834** */എസ്.ഐ.സി-ജി 6/2014)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷൗക്കത്തലി,
സഫാ കോംപ്ലക്സ്, നം. 2/19 എ,
തൃത്താല (സൗത്ത്) പി.ഒ,
പാലക്കാട് – 679 534.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   തൃത്താല ഗ്രാമപഞ്ചായത്ത്,
   തൃത്താല (പി.ഒ),
   പാലക്കാട് – 679 534.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13/01/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/01/2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03/02/2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20/03/2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28/05/2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28/05/2014 |
| ഹിയറിംഗ് നടന്ന തീയതി | 30.03.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷൗക്കത്തലി, 28/05/2014 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1367(2)/2014/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും എസ്.പി.ഐ.ഒ രേഖകൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 13/01/2014 തീയതിയിൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് 03/09/2012-ന് 132. 6131/12 നമ്പറിൽ "റംല W/o. സിദ്ധീക്ക്" എന്ന പേരിൽ അനുവദിച്ച് കൊടുത്തിട്ടുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട വിവരങ്ങളാണ് -

1. ടി സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള 1-ാം വാർഡ് 42-ാം വീട് 2012, 2013 സാമ്പത്തിക വർഷം ആരുടെ പേരിലാണെന്നും, വിലാസം സഹിതം മറുപടിയും
2. സർട്ടിഫിക്കറ്റിന് ഹാജരാക്കിയ അപേക്ഷയുടെ സർട്ടിഫൈഡ് കോപ്പിയും
3. ഹാജരാക്കിയ പഴയ റേഷൻ കാർഡിന്റെ സർട്ടിഫൈഡ് പകർപ്പും
4. സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട സാമ്പത്തിക വർഷത്തെ കെട്ടിട നികുതി അടച്ച് രശീതിയുടെ സർട്ടിഫൈഡ് പകർപ്പുമാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 22/01/2014-ലെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത് ക്രമ നമ്പർ 1-ന് I/42 കൊപ്പത്ത് ഉണ്ണ്യേൻകുട്ടി, തൃത്താല എന്നും, ക്രമ നമ്പർ 2, 3, 4 എന്നീ ചോദ്യങ്ങൾക്ക് ലഭ്യമല്ല എന്നുമാണ്.

4. 03/02/2014 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് 20/03/2014-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 21/07/2014 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 03/02/2014 തീയതി സമർപ്പിച്ച അപേക്ഷ വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരമുള്ള ഒന്നാം അപ്പീലായി 05/02/2014-ന് ഫയലിൽ സ്വീകരിക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നുവെന്നും തൃത്താല ഗ്രാമപഞ്ചായത്തിൽ നിന്നും 03/09/2013-ന് അനുവദിച്ചിട്ടുള്ള സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള 1/42 നമ്പർ വീട് ആരുടെ പേരിലാണെന്നും വിലാസം സഹിതം മറുപടി നൽകണം എന്നിവ ഉൾപ്പെട്ട 4 ചോദ്യങ്ങൾക്ക് വിവരങ്ങൾ ആവശ്യപ്പെടതിന് മുഴുവൻ വിവരങ്ങളും നൽകിയിട്ടില്ലെന്ന് പറഞ്ഞാണ് അപ്പീൽ സമർപ്പിച്ചിരുന്നതെന്നും, ടി വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒയേയും, അപ്പീൽവാദിയെയും 12/03/2014-ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ വെച്ച് നേരിൽ കേട്ടിരുന്നുവെന്നും, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ പറയുന്ന 1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം ലഭ്യമാക്കി തരേണ്ടതാണെന്നും അടിസ്ഥാന രേഖകൾ ലഭ്യമല്ലാതെയും പരിശോധിച്ച് ഉത്തമ ബോധ്യപ്പെടാതെയും എങ്ങിനെയാണ് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുള്ളത് എന്നീ കാര്യങ്ങൾ അന്വേഷണ വേളയിൽ അപ്പീൽവാദി ഉന്നയിച്ചിരുന്നുവെന്നും ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് 22/01/2014-ന് മറുപടി നൽകിയിരുന്നുവെന്നും, ചോദ്യം 2, 3 എന്നിവയ്ക്ക് എൽഡിസ് ആയതുകൊണ്ട് കണ്ടെത്താനായില്ലെന്നും ചോദ്യം 4-ന് ടിയാൻ നികുതി അടച്ചത് പരിശോധിച്ച് സർട്ടിഫൈഡ് കോപ്പി നൽകുന്നതാണെന്ന് എസ്.പി.ഐ.ഒ അന്വേഷണവേളയിൽ അറിയിച്ചിരുന്നുവെന്നും, അപ്പീൽവാദി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകി കാണാത്തതിനാലാണ് ചോദ്യം 2, 3-ൽ പറയുന്ന സർട്ടിഫിക്കറ്റിന് വേണ്ടി ഹാജരാക്കിയ അപേക്ഷയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പഴയ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ചോദ്യം 4-ൽ പറയുന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത രസീതിയുടെ പകർപ്പ് എന്നിവ നൽകുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് നിർദ്ദേശിച്ചുമാണ് അപ്പീൽ തീർപ്പാക്കിയിരുന്നതെന്നാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ചോദ്യം 2, 3, 4 എന്നിവയ്ക്ക് അപ്പീൽ തീർപ്പാക്കിയ ഉത്തരവ് പ്രകാരം രേഖകൾ സമയബന്ധിതമായി നൽകിയിട്ടില്ലെന്നു കാണുന്നു. ആയത് വിവരാവകാശ

നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ ടി വകുപ്പു പ്രകാരമുളള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുളള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 31-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

AV